**CAPEX**
**Kerala State Cashew Workers Apex Industrial Co-operative Society Ltd.**

P.B.No. 262, Industrial Development Plot
H & C Compound, Mundakkal West, Kollam - 691 001.
Reg.No. : IND(ST) 12
Phone : 0474 - 2742499, 2765644

e-mail : cashewcapex@rediffmail.com
website : www.cashewcapex.com

No:-Capex/Com/25-26/03

17/03/2026

## ക്വട്ടേഷൻ നോട്ടീസ്

കാപ്പെക്സിന്റെ അധീനതയിലുള്ള 10 ഫാക്ടറികളിൽ നിന്നും അണ്ടിത്തൊലി വിലക്കെടുക്കുന്നതിലേക്കായി സീൽ വെച്ച ദർഘാസുകൾ ക്ഷണിച്ചു കൊള്ളുന്നു . കാപ്പെക്സിന്റെ 10 ഫാക്ടറികൾക്ക് ഒരുമിച്ചോ പ്രത്യേകമായൊ ദർഘാസുകൾ സമർപ്പിക്കാവുന്നതാണ് . ദർഘാസുകൾ 1 കിലോ തൊലിയുടെ വില എഴുതേണ്ടതും ഫാക്ടറി ഒന്നിന് 10000/- രൂപ എന്ന കണക്കിൽ ഇ.എം .ഡി അടക്കേണ്ടതുമാണ് . ദർഘാസുകൾ 26/03/2026 12:00 മണിക്ക് മുൻപ് കാപ്പെക്സ് ഹെഡ് ഓഫീസിൽ ലഭിക്കേണ്ടതാണ് . അന്ന് തന്നെ 12:30 ന് അപ്പോൾ ഹാജരാകുന്നവരുടെ സാന്നിധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതുമാണ് . ഇതേ കുറിച്ച് ഒരു അന്തിമ തീരുമാനം കൈക്കൊള്ളുന്നതുവരെ ദർഘാസിന് പ്രാബല്യമുണ്ടായിരിക്കും .

ദർഘാസ് സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ഫാക്ടറി പ്രവർത്തനത്തിന് തടസ്സമുണ്ടാകാത്ത വിധം തൊലി നിറച്ച് വെയ് ബ്രിഡ്ജിൽ തൂക്കി ടി തൂക്കത്തിനനുസരിച്ച് ബിൽ ഈടാക്കേണ്ടതാണ് . ആയത് കൊണ്ട് പോകുവാനുള്ള കാലിച്ചാക്ക് കക്ഷികൾ കൊണ്ട് വരേണ്ടതാണ് . ഓരോ ചാക്കിലും തൊലി തൂക്കുന്നതിന് മുൻപ് നമ്പർ പാർട്ടി ഇടേണ്ടതാണ് . ഒരു ചാക്കിന്റെ തൂക്കം 35kg വെച്ച് സ്റ്റാൻഡേർഡൈസ് ചെയ്യേണ്ടതാണ് . തൊലി വിലയടച്ച് നീക്കം ചെയ്യുന്നതിന് കാലതാമസം ഉണ്ടായാൽ മറ്റൊരു നോട്ടീസ് കൂടാതെ തന്നെ റദ്ദ് ചെയ്യുന്നതിനും ഡെപ്പോസിറ്റ് തുക സൊസൈറ്റിയിലേക്ക് മുതൽ കൂട്ടുന്നതുമാകുന്നു . അതുമൂലം ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് കരാറുകാരൻ ഉത്തരവാദിയാകുന്നതുമാകുന്നു . ദർഘാസ് സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ അധികൃതരുടെ വാക്കാലോ , രേഖാമൂലമോ ഉള്ള നിർദ്ദേശങ്ങൾ പാലിക്കാൻ ബാധ്യസ്ഥരായിരിക്കും . ദർഘാസ് സംബന്ധിച്ച് സൊസൈറ്റിയിൽ നിലവിലുള്ള എല്ലാ നിബന്ധനകളും ഇതിന് ബാധകമാണ് . അധികൃതർ കൈക്കൊള്ളുന്ന തീരുമാനം അന്തിമവുമായിരിക്കും . ദർഘാസുകൾ കാരണം കൂടാതെ സ്വീകരിക്കുന്നതിനും നിരസിക്കുന്നതിനുമുള്ള അധികാരം സൊസൈറ്റി അധികൃതരിൽ നിക്ഷിപ്തമായിരിക്കും . കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിവസങ്ങളിൽ ഫാക്ടറിയിൽ നിന്നും കാപ്പക്സിന്റെ ഹെഡ് ഓഫീസിൽ നിന്നും നേരിട്ട് അറിയാവുന്നതാണ് .

Santhosh Kumar HP

മാനേജിങ് ഡയറക്ടർ